18231
18/8/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശ്രീ. ഉണ്ണി ആശാരി ശോഭ വർക്ക് സാമിൽ, പുത്തൻവീട്ടിൽ, അണക്കര, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി) നം.25044/2015-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 17.02.2017-ലെ വിധിന്യായം നടപ്പിലാക്കികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)/308/2017/വനം തിരുവനന്തപുരം,തീയതി, 08/08/2017

പരാമർശം:- 1)കോട്ടയം ഹൈറേഞ്ച് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ 29.06.2015-ലെ സി.2-5206/2014 നമ്പർ നടപടി ഉത്തരവ്
2)ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി)നം.25044/2015-മേലുള്ള 17.02.2017-ലെ വിധിന്യായം
3)ശ്രീ.എൻ.കെ. ഉണ്ണി ആശാരി, ശോഭ വർക്ക് സാമിൽ, പുത്തൻവീട്ടിൽ, അണക്കര.പി.ഒ, ഇടുക്കി സമർപ്പിച്ച 06.03.2017-ലെ റിവിഷൻ പെറ്റീഷൻ.
4)അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 01.06.2017-ലെ FC3-19786/2017 നമ്പർ കുറിപ്പ്.

**ഉത്തരവ്**

ശ്രീ. ഉണ്ണി ആശാരി, ശോഭ വർക്ക് സാമിൽ, പുത്തൻവീട്ടിൽ, അണക്കര, കോട്ടയം ഹൈറേഞ്ച് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (1) ലെ നടപടിക്രമത്തിനെതിരെ ബഹു ഹൈക്കോടതി മുൻപാകെ WP(C)No.25044/2015 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2)-ലെ വിധിന്യായത്തിൽ ശ്രീ.ഉണ്ണി ആശാരി വിധിന്യായം കൈപ്പറ്റി 15 ദിവസത്തിനകം സർക്കാരിനു മുൻപാകെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുവാനും സർക്കാർ ടി റിവിഷൻ പെറ്റീഷനിൽ നടപടി സ്വീകരിച്ച് രണ്ട് മാസത്തിനകം തീർപ്പ കൽപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ശ്രീ. ഉണ്ണി ആശാരി പരാമർശം (3) പ്രകാരം സർക്കാർ മുൻപാകെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹു ഹൈക്കോടതി നിർദ്ദേശപ്രകാരം 02.06.2017-ൽ ശ്രീ. ഉണ്ണി ആശാരിയെ നേരിൽ കേട്ടു.വനം വകുപ്പിൽ നിന്ന് അസിസ്റ്റന്റ് കൺസർവേറ്റർ ഹാജരായി.

2) ശ്രീ. ഉണ്ണി ആശാരി 1985 മുതൽ ചക്കുപള്ളം പഞ്ചായത്തിൽ

CGPI/698-ാം നമ്പർ കെട്ടിടത്തിൽ നടത്തി വന്നിരുന്ന ശോഭ വർക്ക് സാമിൽ ടി പഞ്ചായത്തിലെ തന്നെ CGPI/669-ാം നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ലൈസൻസും Pollution Control board ന്റെ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ടെന്നും കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും വനം വകുപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല എന്നും ഉണ്ണി ആശാരി ബോധിപ്പിച്ചു. കൂടാതെ 2002 ന മുൻപേ പ്രവർത്തിച്ച വരുന്ന സാമിൽ ആയതിനാൽ പഞ്ചായത്ത് അധികൃതരുടെ സർട്ടിഫിക്കറ്റ് മതിയാകുന്നതാണ് എന്നും ടിയാൻ ബോധിപ്പിച്ചു. വനാതിർത്തിയിൽ നിന്നും ആകാശദൂരം 5 Km പരിധിക്കുള്ളിലാണ് സോമിൽ എന്നതുകൊണ്ടാണ് വനം വകുപ്പ് ലൈസൻസ് അനുവദിക്കാത്തതെന്നും എന്നാൽ പെരിയാർ ടൈഗർ റിസർവിൽ നിന്നും ആകാശദൂരം 9 Km മാറിയാണ് സോമിൽ പ്രവർത്തിക്കുന്നതെന്നും ലൈസൻസ് ലഭിക്കുന്നതിന് തനിക്ക് അർഹതയുണ്ടെന്നും കൂടി ശ്രീ.ഉണ്ണി ആശാരി ബോധിപ്പിക്കുകയുണ്ടായി.

2) ശ്രീ. ഉണ്ണി ആശാരി വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാതെ സോമിൽ CGP 1/698ാം നമ്പർ കെട്ടിടത്തിൽ നിന്നും CGP 1/669 L നമ്പർ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിച്ചു. ടിയാന് 698/1 നമ്പർ കെട്ടിടത്തിൽ 10HP യുള്ള മെഷിനറി മാത്രം പ്രവർത്തിപ്പിക്കുവാനുള്ള അനുമതിയെ ഉണ്ടായിരുന്നുള്ളു എന്നാൽ മാറ്റിയ കെട്ടിടത്തിൽ വനം വകുപ്പ് അനുമതി വാങ്ങാതെ 35HP ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിച്ചിരിക്കുന്നു എന്നും സോമിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം തൊട്ടടുത്ത വനറിസർവായ തമിഴ്നാട് സുരങ്ങ്മൂർ റിസർവ് ഫോറസ്റ്റിൽ നിന്നും 2.493 കി.മീ ആകാശദൂരത്തിലാണെന്നും ആയതിനാൽ നിലവിലുള്ള നിയമപ്രകാരം ശോഭവർക്ക് എന്ന സ്ഥാപനം മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയുകയില്ല എന്നും കൂടാതെ കേരള ഫോറസ്റ്റ് (റെഗുലേഷൻ ആന്റ് സാമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, പ്രകാരം സാമിൽ മാറ്റിസ്ഥാപിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അനുമതി ആവശ്യമാണ്. മേൽ നിയമപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡിവിഷണൽ

ഫോറസ്റ്റ് ഓഫീസർ ആണ്. ശ്രീ. ഉണ്ണി ആശാരിക്ക് സോമിൽ മാറ്റി സ്ഥാപിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുമതി നൽകിയിട്ടില്ല. ആയതിനാൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ സോമിൽ 698/I നമ്പർ കെട്ടിടത്തിൽ നിന്ന് 669/I നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച നടപടി നിയമപ്രകാരമല്ല. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, റൂൾ 12(1) പ്രകാരം നിലവിലുള്ള സോമില്ലിന്റെ പവർ വർദ്ധിപ്പിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ആവശ്യമാണ് എന്നും പ്രസ്തുത അനുമതി ജില്ലാ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടില്ല എന്നും അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു.

3)) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഉണ്ണി ആശാരിയുടെ ശോഭ വർക്ക് സാമിൽ മാറ്റി സ്ഥാപിച്ച 1/669 L നമ്പർ കെട്ടിടത്തിൽ നിന്നും ജി.പി.എസ് റീഡിംഗ് പ്രകാരം പെരിയാർ ടൈഗർ റിസർവ്വിലേയ്ക്കുള്ള ആകാശദൂരം 6.935 കി.മി ആണ്. എന്നാൽ തൊട്ടടുത്ത വനറിസർവ്വായ തമിഴ്ന ട് സുരങ്ങ്മൂർ റിസർവ് ഫോറസ്റ്റിലേയ്ക്കുള്ള ആകാശദൂരം 2.493 കി.മീ ആണ്. 2012-ലെ കേരള ഫോറസ്റ്റ് (റെഗുലേഷൻ ആന്റ് സാമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസിലെ 3-ാം ചട്ടം (5)-ാം ഉപചട്ടം പ്രകാരം 30.10.2002 ന ശേഷം സ്ഥാപിച്ച, സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ, റബ്ബർ വുഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്/സാമിൽ/സ്മോൾ സ്കെയിൽ ഫർണിച്ചർ യൂണിറ്റ് എന്നിവ ഒഴിച്ചുള്ള ഏതൊരു തടി വ്യവസായ യൂണിറ്റിനും, ,സാമില്ലിനും ലൈസൻസ് ലഭിയ്ക്കണമെങ്കിൽ വനത്തിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരെയായിരിക്കണമെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്.കൂടാതെ സാമിൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ മാറ്റി സ്ഥാപിച്ചതും 10എച്ച്.പി യിൽനിന്ന് 35എച്ച്.പിയായി പവർ വർദ്ധിപ്പിച്ച നടപടിയും കേരള ഫോറസ്റ്റ് (റെഗുലേഷൻ ആന്റ് സാമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസിന് വിരുദ്ധമാണ്.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.ഉണ്ണി ആശാരിയുടെ ഉടമസ്ഥതയിലുള്ള ശോഭാ വർക്ക്സ് സാമില്ലിന് CGPI/698-ാം നമ്പർ കെട്ടിടത്തിൽ നിന്നും CGPI/669-ാം നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകുവാൻ സാധിക്കുകയില്ല. ആയതിനാൽ പരാമർശം (3) പ്രകാരം ശ്രീ.ഉണ്ണി ആശാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത റിവിഷൻ പെറ്റിഷൻ നിരസിച്ചുകൊണ്ടും കോട്ടയം ഹൈറേഞ്ച് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററിന്റെ പരാമർശം (1)-ലെ നടപടിക്രമം നിലനിർത്തിക്കൊണ്ടും ഉത്തരവാകുന്നു.

6) ബഹു. ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായം മേൽ പ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഉണ്ണി ആശാരി, ശോഭ വർക്ക് സാമിൽ, പുത്തൻവീട്ടിൽ, അണക്കര, ഇടുക്കി
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with c/l)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V.Beena

സെക്ഷൻ ഓഫീസർ

പകർപ്പ് :- വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.